**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 942** **09-10-2024 - ൽ മറുപടിയ്ക്ക്**

**വനമേഖലയിൽ യൂക്കാലി മരങ്ങളുടെ പ്ലാന്റേഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വനമേഖലയിലെ ജൈവവൈവിധ്യം സംരക്ഷിക്കുന്നതിനായി സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; വിശദമാക്കാമോ; | (എ) | ജൈവവൈവിധ്യ സംരക്ഷണത്തിന് വനം വകുപ്പ് സ്വീകരിച്ച് വരുന്ന നടപടികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br>• നിലവിലുള്ള വനമേഖലകളിൽ ശുഷ്കമായവയെ പരിപാലിച്ച് അവയുടെ പുന:സ്ഥാപനം ലക്ഷ്യമാക്കിയുള്ള നടപടികൾ.<br>• വനമേഖലയിൽ പ്ലാന്റേഷനുകൾക്കായി പുതുതായി സ്ഥലം വെട്ടി തെളിക്കപ്പെടുന്നില്ല.<br>• ഇക്കോറെസ്റ്റോറേഷൻ പദ്ധതി മുഖേന വിവിധ തദ്ദേശിയ വൃക്ഷങ്ങൾ നട്ടുപിടിപ്പിക്കൽ.<br>• ഗ്രീൻ ഇൻഡ്യാ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രക്ഷീണ വന പരിപാലനം<br>• ജല സംരക്ഷണത്തിനായി വനത്തിനുള്ളിൽ അനുയോജ്യമായ സ്ഥലങ്ങളിൽ കുളങ്ങൾ, ചെക്ക് ഡാമുകൾ എന്നിവ സ്ഥാപിക്കൽ, നിലവിലുള്ള എക്കൽ നീക്കം ചെയ്യൽ.<br>• കാട്ടുതീ പ്രതിരോധ പ്രവർത്തനം |
| (ബി) | അമിതമായി ജലം വലിച്ചെടുക്കുന്ന യൂക്കാലിപ്റ്റസ് പോലുള്ള മരങ്ങൾ വനമേഖലയോട് ചേർന്ന് പ്ലാന്റേഷൻ ചെയ്യാൻ സർക്കാർ അനുമതി നൽകിയിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | അമിതമായി ജലം വലിച്ചെടുക്കുന്ന യൂക്കാലിപ്റ്റസ് പോലുള്ള മരങ്ങൾ വനമേഖലയിൽ പ്ലാന്റ് ചെയ്യാൻ നിലവിൽ സർക്കാർ അനുമതിയുള്ളതല്ല. വനമേഖലയോട് ചേർന്ന് പ്രസ്തുത മരങ്ങൾ നട്ടുപിടിപ്പിക്കുന്ന തീരുമാനം വനം വകുപ്പിന്റെ അധികാരപരിധിയിൽ വരുന്നതല്ല. |
| (സി) | എങ്കിൽ ഏതെല്ലാം വനമേഖലയോട് ചേർന്നുള്ള പ്രദേശങ്ങളിലാണ് ഇത്തരത്തിലുള്ള പ്ലാന്റേഷൻ ആരംഭിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ; | (സി) | അമിതമായി ജലം വലിച്ചെടുക്കുന്ന യൂക്കാലിപ്റ്റസ് പോലുള്ള മരങ്ങൾ വനമേഖലയിൽ പ്ലാന്റ് ചെയ്യാൻ നിലവിൽ സർക്കാർ അനുമതിയുള്ളതല്ല. വനമേഖലയോട് ചേർന്ന് പ്രസ്തുത മരങ്ങൾ നട്ടുപിടിപ്പിക്കുന്ന തീരുമാനം വനം വകുപ്പിന്റെ അധികാരപരിധിയിൽ വരുന്നതല്ല. |
| (ഡി) | ഇത്തരത്തിലുള്ള പ്ലാന്റേഷൻ നടത്തുന്നതിനായി സർക്കാരിന് ലഭിച്ച കത്തുകളുടെയും | (ഡി) | ഇത്തരത്തിലുള്ള കത്തുകളും, നിവേദനങ്ങളും ലഭിച്ചിട്ടില്ല. |

| | | | |
|---|---|---|---|
| | നിവേദനങ്ങളുടെയും പകർപ്പ് ലഭ്യമാക്കാമോ? | | |

സെക്ഷൻ ഓഫീസർ